(സി) ഹൗസിംഗ് ബോർഡിന്റെ നിർദ്ദേശാനുസരണം ഗുണഭോക്തൃ വിഹിതമായി 4,624 രൂപ വീതം 64,736 രൂപ 30-3-2001 -ൽ പാലക്കാടുള്ള ഹൗസിംഗ് ബോർഡിന്റെ ആഫീസിൽ ഡിപ്പോസിറ്റ് ചെയ്തിട്ടും ഗുണഭോക്തൃ ലിസ്റ്റിൽ ഇവരെ ഉൾപ്പെടുത്താതിരുന്നത് സംബന്ധിച്ച് പരിശോധിക്കുമോ ;

(ഡി) കുത്തന്നൂർ ഗ്രാമപഞ്ചായത്തിലെ 14 ഗുണഭോക്താക്കളേയും മൈത്രീ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം കുഴൽമന്ദം മണ്ഡലത്തിലെ കുത്തന്നൂർ പഞ്ചായത്തിലെ 14 നിർദ്ദിഷ്ട ഗുണഭോക്താക്കൾക്കുവേണ്ടി 1999-2000 വർഷത്തിൽ ബോർഡിൽ പണമടച്ചിട്ടില്ല. എന്നാൽ 1999-2000 വർഷത്തിൽ കുത്തന്നൂർ പഞ്ചായത്ത് 154 പേർക്കു വേണ്ടി 19,25,000 രൂപ ബോർഡിൽ അടച്ചിട്ടുണ്ട്. അതിൽ 7 പേർക്ക് വിവിധ കാരണങ്ങളാൽ ധനസഹായം നൽകിയിട്ടില്ല.

(ബി) ടി 14 അപേക്ഷകൾ താമസിച്ചാണ് ഹൗസിംഗ് ബോർഡ് ഓഫീസിൽ ലഭിച്ചത്. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് ടി പദ്ധതി താൽകാലികമായി നിരുത്തിവയ്ക്കുകയുണ്ടായി. അതിനാൽ ടി അപേക്ഷകൾ പരിഗണിക്കാൻ കഴിഞ്ഞിരുന്നില്ല. 30-6-2001-ന് മുമ്പ് ഇവരുടെ പേരുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലായിരുന്നു.

(സി) 31-3-2001-ൽ 64,736 രൂപ 14 നിർദ്ദിഷ്ട ഗുണഭോക്താക്കൾക്ക് വേണ്ടി ബോർഡിന്റെ പാലക്കാട് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. 31-3-2001 മുതൽ വായ്പാ വിതരണത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും 30-6-2001-ൽ പുതിയതായി ധനസഹായം അനുവദിക്കുന്നത് നിർത്തിവയ്ക്കുകയും ചെയ്തു. ടി ഗുണഭോക്താക്കൾ 30-6-2001 ന് ശേഷമാണ് അപേക്ഷകൾ ബോർഡിൽ സമർപ്പിച്ചത്. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഇവരെ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) ടി അപേക്ഷകൾ ഔപചാരികമായി ബോർഡുമായി എഗ്രിമെന്റ് വെച്ചിട്ടില്ലായിരുന്നു. ആയതിനാൽ വായ്പാ സഹായം അനുവദിക്കാൻ കഴിയില്ല.

മലയോര പ്രദേശങ്ങളെ ഉൾപ്പെടുത്തി ഹിൽ ഹൈവേ പദ്ധതി

42(4321) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മലയോര പ്രദേശങ്ങളെ ഉൾപ്പെടുത്തി ഹിൽ ഹൈവേ നിർമ്മിക്കുവാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ :

(സി) കാസർകോട് ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിൽ കൂടിയാണ് നിർദ്ദിഷ്ട ഹിൽഹൈവേ കടന്നുപോകുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹിൽഹൈവേ ഒന്നാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന കാസർകോട് ജില്ല മുതൽ പാലക്കാട് ടൗൺ വരെയുള്ള റൂട്ടിന്റെ അലൈൻമെന്റിനെ സംബന്ധിച്ച് നാറ്റ്പാക്ക് നടത്തിയ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്.

(സി) ഇത് സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

എക്സ്പ്രസ് ഹൈവേയുടെ നിർമ്മാണത്തിനായി കേന്ദ്ര സഹായം

43 (4322) ശ്രീ. പി. സി. ജോർജ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സ്പ്രസ് ഹൈവേയുടെ നിർമ്മാണത്തിനായി എന്തെങ്കിലും സഹായം കേന്ദ്രത്തോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നുവോ ; എങ്കിൽ എന്ത് സഹായമാണ് ആവശ്യപ്പെട്ടിരുന്നത് ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ തീരുമാനം സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ ;

(സി) എന്തു തുകയാണ് കേന്ദ്രം നൽകാമെന്ന് സമ്മതിച്ചിട്ടുള്ളത് ;

(ഡി) സുവർണ്ണ ചതുഷ്കോണപാതയിൽ നിന്ന് സംസ്ഥാനത്തെ ഒഴിവാക്കിയതിന് പകരമായി ഏതെങ്കിലും പദ്ധതി കേരളത്തിന് തരുന്നകാര്യം കേന്ദ്രത്തിന്റെ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഏതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) എക്സ്പ്രസ് ഹൈവേ ലാകേരമാവില്ലെന്ന അഭിപ്രായം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly